ശ്രീ. സി. ആർ. സുബ്രഹ്മണ്യത്തിന്റെ പരാതി

113(1179) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കൊടകര, മണകുളങ്ങര, എലിഞ്ഞേരി വീട്ടിൽ ശ്രീ. സി. ആർ. സുബ്രഹ്മണ്യം (വിശ്വനാഥ്) പുറമ്പോക്ക്ഭൂമി, വീട് വയ്ക്കുന്നതിന് പതിച്ച് കിട്ടുന്നതിനായി 10-11-2014-ൽ ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്ക് അപേക്ഷ നൽകിയിരുന്നോ;

(ബി) പ്രസ്തുത അപേക്ഷ പരിശോധിക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് അയച്ച് കൊടുത്തിട്ടുണ്ടോ; (2434/യു.ഐ.പി/14 എം(ആർ&സി) തീയതി 12/11/2014) (എൻ ഡിസ് നമ്പർ 70740/14 ബി5 കളക്ടേറ്റ്, എൻ ഡിസ് ബി 3 15345/2014 തഹസിൽദാർ).

(സി) പ്രസ്തുത അപേക്ഷ കൊടകര വില്ലേജ് ഓഫീസർ പരിഗണിക്കുകയും പട്ടയ പ്രൊപ്പോസൽ ചാലക്കുടി തഹസിൽദാർക്ക് 16-5-2015-ന് അയച്ച് കൊടുത്തിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്ത് നടപടിയാണ് തഹസിൽദാർ കൈകൊണ്ടത്;

(ഡി) ശ്രീ. സി. ആർ. സുബ്രമണ്യത്തിന് 40 വർഷമായി കൈവശമുള്ള 3.5 സെന്റ് പുറമ്പോക്ക് ഭൂമി പതിച്ച് നൽകുന്നതിന് എന്തെങ്കിലും നിയമ തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അപേക്ഷകന് ഭൂമി പതിച്ച് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) ഉണ്ട്.

(സി) തദ്ദേശസ്വയംഭരണ വകുപ്പിൽ നിക്ഷിപ്തമായ പ്രസ്തുത അപേക്ഷാ ഭൂമി 1-8-1971-ന് മുമ്പ് അപേക്ഷകന്റെ കൈവശമില്ലാത്തതും അപേക്ഷകന്റെ വാർഷിക വരുമാനം ഭൂമി പതിവ് ചട്ടങ്ങളിൽ അനുശാസിക്കുന്ന പരിധിയിൽ കൂടുതലായതിനാലും നിലവിലുള്ള നിയമമനുസരിച്ച് പ്രസ്തുത ഭൂമി പതിവ് നടത്തുന്നതിന് പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതാണെന്ന വിവരം ചാലക്കുടി തഹസിൽദാർ മുഖേന കക്ഷിയെ അറിയിച്ചിട്ടുള്ളതാണ്.

(ഡി) ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൽ നിക്ഷിപ്തമായ അപേക്ഷാ ഭൂമി 1-8-1971-ന് മുമ്പ് അപേക്ഷകന്റെ കൈവശമില്ലാത്തതും അപേക്ഷകന്റെ വാർഷിക വരുമാനം ഭൂമി പതിവ് ചട്ടങ്ങളിൽ അനുശാസിക്കുന്ന പരിധിയിൽ കൂടുതലായതിനാലും നിലവിലുള്ള നിയമമനുസരിച്ച് ഭൂപതിവ് നടത്തുന്നത് പരിഗണിക്കുവാൻ നിർവ്വാഹമില്ല.

GPM. 2/239/2020-22

LIBRARY ARCHIVES Kerala Legislative Assembly